"ഭരണ ഭാഷ - മാതൃഭാഷ"

നമ്പർ സി. 8 - 4865/15

എക്സൈസ് ഡിവിഷൻ ഓഫീസ്,
കണ്ണൂർ, തീയതി : 28.07.2016
ഇ-മെയിൽ aec_kannur@yahoo.co.in
deckn r.exc@kerala.gov.in
മൊബൈൽ : 9447178065
ഓഫീസ് ഫോൺ : 04972 706698.

പ്രേഷകൻ

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
കണ്ണൂർ.

ഗ്രാഹകൻ

ജില്ലാ കലക്ടർ & ചെയർമാൻ,
ജില്ലാ വികസന സമിതി,
കണ്ണൂർ.

സർ,

വിഷയം:- ജില്ലാ വികസന സമിതി യോഗം 30-07-2016-ന് രാവിലെ 11.00 മണിക്ക് ചേരുന്നത് - സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 16-07-2016-ാം തീയതി പ്രകാരമുള്ള 610/2014/ഡി.ഡി.സി./ഡി.പി.ഒ/കെ.എൻ.ആർ./ആർ.ഒ. നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. 30-07-2016-ന് രാവിലെ 11.00 മണിയ്ക്ക് കണ്ണൂർ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിന്റെ അജണ്ട പ്രകാരം പുകയില നിയന്ത്രണവും നിയന്ത്രണ നിയമം നടപ്പാക്കലും സംബന്ധിച്ച പുരോഗതി അവലോകന റിപ്പോർട്ട് സമർപ്പിക്കുന്നു.

2015-ാമാണ്ട് ആഗസ്ത് മാസം മുതൽ 2016 ജൂൺ മാസം വരെ പിഴയിനത്തിൽ 2,99,800/- രൂപ വസൂലാക്കുകയും തൊണ്ടിമുതലുകളായി 34,853 പായ്ക്കറ്റ് ഹാൻസും 5,845 പായ്ക്കറ്റ് പാൻമാസാലയും പിടിച്ചെടുത്തിട്ടുണ്ട്.

2015 ജനുവരി മാസം മുതൽ 2016 ജൂൺ മാസം വരെ കണ്ണൂർ ജില്ലയിൽ എക്സൈസ് ഡിവിഷനിൽ മൊത്തം 1883 കോട്പ കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,75,800/- രൂപ പിഴയിനത്തിൽ വസൂലാക്കുകയും, തൊണ്ടിമുതലുകളായി 3783പായ്ക്കറ്റ് ഹാൻസും, 1003 പായ്ക്കറ്റ് പാൻമസാലയും 1323 പായ്ക്കറ്റ് സിഗരറ്റും 7 കിലോ ഗ്രാം പുകയില, 1611 പായ്ക്കറ്റ് ബീഡി, 37278 പായ്ക്കറ്റ് മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്.

2015 ആഗസ്ത് മാസം മുതൽ 2016 ജൂൺ മാസം വരെയുള്ള പതിനൊന്ന് മാസങ്ങളിൽ സ്കൂൾ പരിസരത്ത് നിന്ന് മാത്രം 123 കോട്പ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, കണ്ണൂർ.

എസ്.പി.എം.